**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2589** **07-07-2022 - ൽ മറുപടിയ്ക്ക്**

**ആലുവ പറവൂർ കവലയിൽ 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ആലുവ പറവൂർ കവലയിൽ 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം റവന്യൂ വകുപ്പിൽ നിന്ന് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന അപേക്ഷ 353/M(Ele)/VIP/RL/2022 നമ്പരായി 12/04/2022 ന് കെ.എസ്.ഇ.ബി. എൽ ഡയറക്ടർ (ട്രാൻസ്മിഷൻ) പരിശോധിച്ച് നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചതിൽ ഡയറക്ടർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | ഈ വിഷയത്തിൽ സ്വീകരിച്ച നടപടികൾ താഴെ കൊടുക്കുന്നു:<br><br>ആലുവ പറവൂർ കവല ജംഗ്ഷനിൽ NH-47 –നോട് ചേർന്ന് സ്ഥിതി ചെയ്യുന്നതും നിലവിൽ ലാൻഡ് ബാങ്കിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമായ പുറമ്പോക്ക് ഭൂമി, കെ.എസ്.ഇ.ബി.എൽ.-ന് ഒരു 33 കെ.വി കണ്ടെയ്നർ സബ്സ്റ്റേഷനും അതിനോടൊപ്പം ഇപ്പോൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ആലുവ വെസ്റ്റ് സെക്ഷൻ ഓഫീസും പണിയുന്നതിനുവേണ്ട ആവശ്യത്തി ലേയ്ക്കായി ലഭ്യമാക്കുന്നതിനുവേണ്ടി ആലുവ എക്സിക്യൂട്ടീവ് എഞ്ചിനീയർ 08.06.2021-ന് എറണാകുളം ജില്ലാ കളക്ടർക്ക് അയച്ച കത്തിനു മറുപടിയായി നിലവിലെ നിയമപ്രകാരം സർക്കാരിന്റെ സേവന വകുപ്പുകളല്ലാത്ത സ്ഥാപനങ്ങൾക്ക് കമ്പോളവില ഈടാക്കി ഭൂമി പതിച്ചോ/പാട്ടത്തിനോ നൽകുന്ന നടപടിയാണ് അനുവർത്തിച്ചു വരുന്നതെന്ന് എറണാകുളം കളക്ടർ അറിയിച്ചിരുന്നു. ഇതിനെത്തുടർന്ന് ആലുവ എം.എൽ.എ മുഖേന 24.03.2022-നു നൽകിയ അപേക്ഷയിന്മേൽ എറണാകുളം ജില്ലാ കളക്ടറോട് റവന്യൂ അഡീഷണൽ ചീഫ് സെക്രട്ടറി റിപ്പോർട്ട് ആവശ്യപ്പെട്ടു.<br><br>തോട്ടക്കാട്ടുകരയിൽ 33 കെ.വി സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള സാധ്യതാ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ കളമശ്ശേരി ട്രാൻസ്മിഷൻ ഡെപ്യൂട്ടി ചീഫ് എൻജിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് റവന്യൂ വകുപ്പിൽ നിന്ന് ഭൂമി വിട്ടുകിട്ടുന്നതിന് കെ.എസ്.ഇ.ബി.എൽ അപേക്ഷ നൽകിയിട്ടുണ്ടോ;എങ്കിൽ എന്നാണ് അപേക്ഷ | (ബി) | ഉണ്ട്. ഈ ആവശ്യത്തിനായി ആലുവ എക്സിക്യൂട്ടീവ് എൻജിനീയർ 08.06.2021-ന് എറണാകുളം ജില്ലാ കളക്ടർക്ക് അയച്ച കത്തിന്റെയും 24.03.2022-ന് ആലുവ എം.എൽ.എ-ക്ക് നൽകിയ കത്തിന്റെയും |

| | | | |
|---|---|---|---|
| | നൽകിയതെന്ന് അറിയിക്കാമോ;ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ? | | പകർപ്പുകൾ യഥാക്രമം അനുബന്ധം-1, അനുബന്ധം-2 ആയി ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

KSEB

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
(1956 ലെ ഇൻഡ്യൻ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)
CIN U40100KL2011SGC027424
(രജി:ഓഫീ/സ്: വൈദ്യുതിഭവനം, പട്ടം, തിരുവനന്തപുരം-695004)
പൂവ ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം
പവ്വർ ഹൌസിനു സമീപം,ആലുവ - 683 101
ഫോൺ: 0484-2623139, 9496008870
ഇ-മെയിൽ : eealuva@gmail.com, eealuva@dataone.in
വെബ്സൈറ്റ് :www.kseb.in
'ഭരണഭാഷ-മാതൃഭാഷ'

എല്ലാവീട്ടിലും വൈദ്യുതി

150 YEARS OF CELEBRATING THE MAHATMA

No.EDA/GB/Land/2021-22/ 351 Date: 8.06.2021.

O/C

പ്രേക്ഷകൻ

എക്സിക്യൂട്ടീവ് എഞ്ചിനീയർ

സ്വീകർത്താവ്

ബഹുമാനപ്പെട്ട ജില്ലാ കളക്ടർ,
എറണാകുളം.

സർ,

വിഷയം: കെ.എസ്.ഇ.ബിയ്ക്ക് സെക്ഷൻ ഓഫീസ് നിർമ്മിക്കുന്നതിനുവേണ്ടി പുറമ്പോക്ക് ഭൂമി അനുവദിക്കുന്നത് – സംബന്ധിച്ച്.

സൂചന :
1. G.O (MS) No.73/00/Rev/Tvm തീയതി 18/03/2000.
2. G.O (MS) No.73/10/Rev/Tvm തീയതി 23/02/2010.
3. നമ്പർ L7.6188/ 15 തീയതി 02/09/2017 പ്രകാരം ബഹു,ജില്ലാ കളക്ടർ ലാൻഡ് റവന്യൂ കമ്മീഷണർക്ക് നൽകിയ കത്തിന്റെ പകർപ്പ്.
4. ഡപ്യൂട്ടി ചീഫ് എഞ്ചിനീയർ കെ.എസ്.ഇ.ബി ട്രാൻസ്മിഷൻ സർക്കിൾ കളമശ്ശേരിയുടെ 21/01/2015 തീയതിയിലെ കത്ത്.

സൂചനകളിലേക്ക് അങ്ങയുടെ ശ്രദ്ധ സാദരം ക്ഷണിച്ചുകൊള്ളുന്നു.

ആലുവ താലൂക്കിൽ, ആലുവ വെസ്റ്റ് വില്ലേജിൽ, ടൌൺ ബ്ലോക്ക്, റീ സർവ്വെ നമ്പർ 121//81-ൽപ്പെട്ട 51.93 ആർ വസ്തു 66 kV Sub station നിർമ്മാണത്തിന് KSEB യ്ക്ക് ലഭ്യമാക്കുന്നതിന് സൂചന (4) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്. KSEB യ്ക്ക് Transgrid പദ്ധതിയുടെ ഭാഗമായി നിലവിലുള്ള sub station- നുകളുടെ ശേഷി ഉയർത്തിയതിനാൽ പ്രസ്തുത പുറമ്പോക്ക് ഭൂമിയിൽ ഇനിയൊരു പുതിയ Substation-ന്റെ ആവശ്യമില്ലെന്നുള്ളതാണ് KSEB യുടെ Transmission വിഭാഗം അറിയിച്ചിരിക്കുന്നത്. വില്ലേജ് രേഖകൾ പ്രകാരം ടി ഭൂമി KSEB യ്ക്കും ടൂറിസം വകുപ്പിനും കൈമാറിയത് സൂചന (1) പ്രകാരം റദ്ദ് ചെയ്തിട്ടുള്ളതാണെന്നും, സൂചന (2) പ്രകാരം ലാൻഡ് ബാങ്കിലേക്ക് ഏറ്റെടുത്തിട്ടുള്ളതായും ആലുവ തഹസീൽദാർ (ഭൂരേഖ) റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ ഈ പുറമ്പോക്ക് ഭൂമി, കെ.സ്.ഇ.ബിയുടെ തോട്ടക്കാട്ടുകരയിൽ ഇപ്പോൾ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന സെക്ഷൻ ഓഫീസ് (വിതരണ വിഭാഗം) നിർമ്മിക്കുന്നതിന് ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

തോട്ടക്കാട്ടുകരയിൽ പ്രവർത്തിക്കുന്ന ഈ കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസ്, തോട്ടക്കാട്ടുകര, ദേശം റോഡിൽ വളരെ പഴക്കമുള്ള വാടക കെട്ടിടത്തിലാണ്

പ്രവർത്തിക്കുന്നത്. ഏകദേശം 20515 ഓളം ഉപഭോക്താക്കളുള്ള ഈ ഓഫീസ്, ഉപഭോക്തൃ സൌഹൃദ ഓഫീസായി പ്രവർത്തിക്കാൻ വളരേയേറെ പരിമിതികൾ നേരിടുന്നു. കേരളത്തിന്റെ പുണ്യ ക്ഷേത്രമായ ആലുവ ശിവക്ഷേത്രം (ശിവരാത്രി മണപ്പുറം) ഈ കെ.സ്.ഇ.ബി സെക്ഷൻ ഓഫീസിന്റെ അധികാര പരിധിയിലാണ്. എല്ലാ വർഷവും ആഘോഷമായി കൊണ്ടാടുന്ന ശിവരാത്രി മഹോത്സവത്തിനുവേണ്ട വൈദ്യുതി സംബന്ധിയായ എല്ലാ ആവശ്യങ്ങളും സാധ്യമാക്കുന്നത് പ്രസ്തുത സെക്ഷൻ ഓഫീസാണ്.

ആയതിനാൽ NH 47 നോട് ചേർന്ന് സ്ഥിതിചെയ്യുന്ന പ്രസ്തുത പുറമ്പോക്ക് ഭൂമി, നിലവിൽ ലാൻഡ് ബാങ്കിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമായ ടി ഭൂമി നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം കെ.എസ്.ഇ.ബിയ്ക്ക് ഒരു പുതിയ സെക്ഷൻ ഓഫീസ് പണിയുന്നതിനുവേണ്ട ആവശ്യത്തിലേക്ക് പരിഗണിക്കണമെന്ന് താഴ്മയായി അങ്ങയോട് അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ,

എക്സിക്യൂട്ടീവ് എഞ്ചിനീയർ

പകർപ്പ് സമർപ്പണം: 1. ചീഫ് എഞ്ചിനീയർ, ഡിസ്ട്രിബ്യൂഷൻ സെൻട്രൽ, എറണാകുളം.
2. ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സർക്കിൾ, പെരുമ്പാവൂർ.

പകർപ്പ്: 1) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,ഇല. സബ് ഡിവിഷൻ,ആലുവ ടൌൺ.
2) അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, ആലുവ വെസ്റ്റ്.

<u>ഭരണഭാഷ മാതൃഭാഷ</u>

L7-6188/15.

കളക്ടറേറ്റ്, എറണാകുളം
തീയതി: 24.06.2021

പ്രേഷകൻ
ജില്ലാ കളക്ടർ
എറണാകുളം

ELECTRICAL DIVISION
ALUVA
No. 467 DATE 2/7/2021
EE | | DA/SS

സ്വീകർത്താവ്
എക്സിക്യൂട്ടീവ് എഞ്ചിനീയർ
പുവ ഇലക്ട്രിക്കൽ ഡിവിഷൻ,
ആലുവ - 683101

സർ ,

വിഷയം:- K.S.E.B യ്ക്ക് സെക്ഷൻ ആഫീസ് നിർമ്മിക്കുന്നതിന് പുറമ്പോക്ക് ഭൂമി അനുവദിക്കുന്നത് - സംബന്ധിച്ച്.

സൂചന:- താങ്കളുടെ 08/06/21 dt EDA/GB/Land/21/351 നമ്പർ കത്ത്.

. . . . .

സൂചന കാണുക. നിലവിലുള്ള നിയമപ്രകാരം സർക്കാരിന്റെ സേവന വകുപ്പുകൾക്കല്ലാത്ത സ്ഥാപനങ്ങൾക്ക് കമ്പോളവില ഈടാക്കി പതിച്ചോ/പാട്ടത്തിനോ നൽകുന്ന നടപടിയാണ് അനുവർത്തിച്ചുവരുന്നത്. ആയതിനാൽ അതിനുള്ള അപേക്ഷ സമർപ്പിക്കുന്ന മുറക്ക് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്.

വിശ്വസ്തതയോടെ,

ജില്ലാ കളക്ടർക്കുവേണ്ടി

KSEB

# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956 ലെ ഇൻഡ്യൻ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)
CIN U40100KL2011SGC027424
(രജി:ഓഫീസ് വൈദ്യുതിഭവനം, പട്ടം, തിരുവനന്തപുരം-695004)

ആലുവ ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം
പവ്വർ ഹൌസിന് സമീപം,ആലുവ - 683 101
ഫോൺ: 0484-2623139, 9496008870
ഇ-മെയിൽ : eealuva@gmail.com, eealuva@dataone.in വെബ്സൈറ്റ് :www.kseb.in

എല്ലാവീട്ടിലും വൈദ്യുതി

**'ഭരണഭാഷ-മാതൃഭാഷ'**

No. ഇ.ഡി.എ/ഡി.ബി/ജനറൽ//2021-22/ 2693 Date: 24/03/2022

സ്വീകർത്താവ്

ബഹുമാനപ്പെട്ട ആലുവ എം.എൽ.എ,
ശ്രീ. അൻവർ സാദത്ത്.

സർ,

വിഷയം:- കെ.എസ്.ഇ.ബി-യ്ക്ക് സെക്ഷൻ ഓഫീസ് നിർമ്മാണത്തിനു വേണ്ടി പുറമ്പോക്ക് ഭൂമി അനുവദിയ്ക്കുന്നത് - സംബന്ധിച്ച്

സൂചന :-1. GO(MS) No.73/00/Rev/TVM/18.03.2000
2. GO(MS) No.73/10/Rev/TVM/23.02.2010
3. നമ്പർ.L7.6188/15 തീയതി. 02.09.217 പ്രകാരം ബഹുമാനപ്പെട്ട ജില്ലാ കളക്ടർ ലാൻഡ് റവന്യൂ കമ്മീഷണർക്ക് നൽകിയ കത്തിന്റെ പകർപ്പ്
4. ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, കെ.എസ്.ഇ.ബി, ട്രാൻസ്മിഷൻ സർക്കിൾ കളമശ്ശേരിയുടെ 21.01.2015-ാം തീയതിയിലെ കത്ത്
5. ഈ ഓഫീസിൽ നിന്നും ബഹുമാനപ്പെട്ട കളക്ടർക്ക് 08.06.2021-ാം തീയതിയിൽ നൽകിയ കത്ത്
6. നമ്പർ.L7.6188/15/24.06.2021-ാം തീയതിയിലെ ബഹുമാനപ്പെട്ട കളക്ടറുടെ മറുപടി കത്ത്.

സൂചനയിലേയ്ക്ക് അങ്ങയുടെ ശ്രദ്ധ സാദരം ക്ഷണിക്കുന്നു.

ആലുവ താലൂക്കിൽ, ആലുവ വെസ്റ്റ് വില്ലേജിൽ, ടൗൺ ബ്ലോക്ക്, റി സർവ്വേ നമ്പർ 121/81-ൽ പെട്ട 51.93 ആർ പുറമ്പോക്ക് വസ്തു (പറവൂർ കവല) 66 കെ.വി സബ്സ്റ്റേഷൻ നിർമ്മാണത്തിന് കെ.എസ്.ഇ.ബി-യ്ക്ക് ലഭ്യമാക്കുന്നതിന് സൂചന (4) പ്രകാരം അപേക്ഷ കളക്ടർക്ക് സമർപ്പിച്ചിരുന്നു. വില്ലേജ് രേഖകൾ പ്രകാരം ടി ഭൂമി കെ.എസ്.ഇ.ബി-യ്ക്കും ടൂറിസം വകുപ്പിനും കൈമാറിയത് സൂചന (1) പ്രകാരം റദ്ദ് ചെയ്തിട്ടുള്ളതാണെന്നും സൂചന (2) പ്രകാരം

ലാൻഡ് ബാങ്കിലേയ്ക്ക് ഏറ്റെടുത്തിട്ടുള്ളതായും ആലുവ തഹസീൽദാർ (ഭൂരേഖ) റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ ഈ പുറമ്പോക്ക് ഭൂമി കെ.എസ്.ഇ.ബി-യുടെ തോട്ടയ്ക്കാട്ടുകരയിൽ ഇപ്പോൾ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന ആലുവ വെസ്റ്റ് സെക്ഷൻ ഓഫീസ് (വിതരണ വിഭാഗം) നിർമ്മിക്കുന്നതിനു വേണ്ടി, അനുവദിച്ചു നൽകുന്നതിന് സൂചന (5) പ്രകാരം ബഹുമാനപ്പെട്ട കളക്ടർക്ക് അപേക്ഷ സമർപ്പിക്കുകയുണ്ടായി

ടി അപേക്ഷയ്ക്ക് ബഹുമാനപ്പെട്ട കളക്ടർ മറുപടിക്കത്തായി നൽകിയത് സൂചന (6) പ്രകാരം ഇപ്രകാരമാണ്. നിലവിലുള്ള നിയമപ്രകാരം സർക്കാരിന്റെ സേവന വകുപ്പുകൾക്കല്ലാതെ സ്ഥാപനങ്ങൾക്ക് കമ്പോളവില ഈടാക്കി പതിച്ചോ/ പാട്ടത്തിനോ നൽകുന്ന നടപടിയാണ് അനുവർത്തിച്ചു പോകുന്നത് എന്നതാണ്.

പ്രസ്തുത സെക്ഷൻ ഓഫീസ് നിർമ്മിക്കുന്നതിനോടൊപ്പം ആലുവ വെസ്റ്റ് സെക്ഷന്റെ പരിധിയിൽ വരുന്ന തോട്ടയ്ക്കാട്ടുകര, മണപ്പുറം, മംഗലപ്പുഴ, തടിക്കകടവ്, കോട്ടപ്പുറം, കന്നേപ്പള്ളി, കിഴക്കേ കടുങ്ങല്ലൂർ, ഏലൂർക്കര എന്നീ പ്രദേശങ്ങളിലെ വർദ്ധിച്ചു വരുന്ന ഊർജ്ജ ഉപയോഗത്തിനും, 24X7 തടസ്സമില്ലാതെ കൃത്യമായ വോൾട്ടേജിൽ വൈദ്യുതി എത്തിക്കുന്നതിനും ഒരു 33 കെ.വി സബ് സ്റ്റേഷൻ അനിവാര്യമായി തീർന്നിരിക്കുന്നു. ഈ പ്രദേശത്ത് വൈദ്യുതി എത്തിക്കുന്നത് ആലുവ 110 കെ.വി സബ്സ്റ്റേഷനിൽ നിന്നുള്ള രണ്ട് 11 കെ.വി ഫീഡറുകൾ വഴിയാണ്. ഈ ഫീഡറുകൾ രണ്ട് സെക്ഷൻ (ആലുവ നോർത്ത് & വെസ്റ്റ് സെക്ഷൻ) പരിധിയിൽ, വൃക്ഷലതാദികൾ തിങ്ങി നിറഞ്ഞ പ്രദേശങ്ങളിൽ കൂടി കടന്നുപോകുന്നതുകൊണ്ട് വൈദ്യുതി തടസ്സം വളരെയധികം കൂടുതലാകുന്നു. ഏകദേശം 20600 എൽ ടി കൺസ്യൂമേഴ്സും 5 എച്ച്.ടി കൺസ്യൂമേഴ്സും ഈ സെക്ഷന്റെ പരിധിയിലാണ്. ഭാവിയിൽ ഊർജ്ജ ഉപഭോഗം വളരെയധികം കൂടുവാൻ സാധ്യതയുള്ള ഈ മേഖല കേരളത്തിന്റെ പുണ്യ ക്ഷേത്രമായ ആലുവ ശിവക്ഷേത്രം (ശിവരാത്രി മണപ്പുറം) ഉൾപ്പെടുന്നതും കൂടിയാണ്. എല്ലാ വർഷവും ആഘോഷമായി കൊണ്ടാടുന്ന ശിവരാത്രി മഹോത്സവത്തിനു വേണ്ട വൈദ്യുതി സംബന്ധിച്ച എല്ലാ ആവശ്യങ്ങളും സാധ്യമാക്കുന്നത് പ്രസ്തുത സെക്ഷൻ ഓഫീസാണ്. തോട്ടയ്ക്കാട്ടുകരയിൽ പ്രവർത്തിക്കുന്ന സെക്ഷൻ ഓഫീസ് ഉപഭോക്തൃ സൗഹൃദ ഓഫീസായി പ്രവർത്തിക്കുവാൻ വളരെയധികം പരിമിതികൾ നേരിടുന്നു.

കേന്ദ്രാവിഷ്കൃത പദ്ധതിയായ RDSS-ൽ ഉൾപ്പെടുത്തി 33 കെ.വി സബ്സ്റ്റേഷൻ ിയുവാനുള്ള തീരുമാനവുമായി കെ.എസ്.ഇ.ബി.എൽ മുന്നോട്ടു പോകുകയാണ്. അത് സാധ്യമാകണമെങ്കിൽ പ്രസ്തുത പുറമ്പോക്ക് ഭൂമി ലഭ്യമാകേണ്ടതുണ്ട്.

ആയതിനാൽ എൻ.എച്ച്-47-നോട് ചേർന്ന് സ്ഥിതി ചെയ്യുന്ന പ്രസ്തുത പുറമ്പോക്ക് ഭൂമി നിലവിൽ ലാൻഡ് ബാങ്കിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമായ ടി ഭൂമി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി കെ.എസ്.ഇ.ബി-യ്ക്ക് ഒരു 33 കെ.വി കൺടെയിനർ സബ്സ്റ്റേഷനും അതിനോടൊപ്പം ഒരു പുതിയ സെക്ഷൻ ഓഫീസും പണിയുന്നതിനു വേണ്ട ആവശ്യത്തിലേയ്ക്ക് ലഭ്യമാക്കുന്നതിനുള്ള സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കണമെന്ന് താഴ്മയായി അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ,

എക്സിക്യൂട്ടീവ് എഞ്ചിനീയർ.

ഉള്ളടക്കം :
1. സൂചന (4), (5) & (6)

പകർപ്പ് സമർപ്പണം:-

1. ചീഫ് എഞ്ചിനീയർ, ഫസ്റ്റ് ഫ്ളോർ, അഡ്മിനിസ്ട്രേറ്റീവ് കോംപ്ലക്സ്, കെ.എസ്.ഇ.ബി.എൽ, പാലാരിവട്ടം, എറണാകുളം.
2. ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സർക്കിൾ, പെരുമ്പാവൂർ

പകർപ്പ്:-
1. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ്ബ് ഡിവിഷൻ, ആലുവ
2. അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, ആലുവ വെസ്റ്റ്

## ആലുവ നഗരസഭ

## 13.12.2021–ലെ 4–ാം നമ്പർ കൗൺസിൽ തീരുമാനം

**അജണ്ട**

**G3-658/21**

ആലുവ താലൂക്കിൽ ആലുവ വെസ്റ്റ് വില്ലേജിൽ ടൗൺ ബ്ലോക്ക്, റീ സർവ്വെ നമ്പർ 121/81–ൽപ്പെട്ട 51.96 ആർ പുറമ്പോക്ക് ഭൂമി (പറവൂർ കവല) സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി കെ.എസ്.ഇ.ബി.-യ്ക്ക് ഒരു 33 കെ.വി. കൺടെയ്നർ സബ് സ്റ്റേഷനും അതിനോടൊപ്പം ഒരു പുതിയ സെക്ഷൻ ഓഫീസും പണിയുന്നതിനുവേണ്ട ആവശ്യത്തിലേയ്ക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അറിയിച്ചുകൊണ്ടുള്ള കെ.എസ്.ഇ.ബി, എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കത്ത് കൗൺസിൽ പരിഗണനയ്ക്കായി.

കുറിപ്പ്: നിലവിൽ ടി സ്ഥലവുമായി ബന്ധപ്പെട്ട് മുനിസിപ്പാലിറ്റി പദ്ധതികൾ ഒന്നും ഏറ്റെടുത്തിട്ടില്ലെന്നും, ഭാവിയിൽ ടി സ്ഥലം നഗരസഭയുടെ വികസന പ്രവർത്തനങ്ങൾക്ക് ആവശ്യം ഉണ്ടോയെന്ന് അറിയുന്നതിന് കൗൺസിലിൽ സമർപ്പിക്കാവുന്നതാണെന്നും ഓവർസിയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**തീരുമാനം**

"പ്രസ്തുത സ്ഥലവുമായി ബന്ധപ്പെട്ട് പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ലാത്തതിനാലും ഈ സ്ഥലത്തിന് മുകളിലൂടെ ഹൈ ടെൻഷൻ ലൈൻ പോകുന്നതിനാൽ നഗരസഭയുടെ വികസന പ്രവർത്തനങ്ങൾക്ക് ഭാവിയിൽ ഈ സ്ഥലം ഉപയോഗിപ്പെടുകയില്ല എന്ന് ബോധ്യമുള്ളതിനാലും ആലുവ താലൂക്ക് വെസ്റ്റ് വില്ലേജിൽ ടൗൺ ബ്ലോക്ക്, റീ സർവ്വെ നമ്പർ 121/81–ൽപ്പെട്ട 51.96 ആർ പുറമ്പോക്ക് ഭൂമി കെ.എസ്.ഇ.ബി.-യ്ക്ക് ഒരു 33 കെ.വി. കൺടെയ്നർ സബ് സ്റ്റേഷനും അതിനോടൊപ്പം ഒരു പുതിയ സെക്ഷൻ ഓഫീസും പണിയുന്നതിനുവേണ്ടി വിട്ട് നൽകുന്നതിന് നഗരസഭയ്ക്ക് എതിർപ്പില്ല എന്ന വിവരം ബന്ധപ്പെട്ടവരെ അറിയിക്കുന്നതിന് കൗൺസിൽ തീരുമാനിച്ചു."

**(ഒപ്പ്)**
**ചെയർമാൻ**

/// ശരിപകർപ്പ് ///

**സെക്രട്ടറി**